പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3750 — 19.03.2018-ൽ മറുപടിക്ക്

## നെന്മാറ നിയോജകമണ്ഡലത്തിലെ ബലക്ഷയമുള്ള പാലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നെന്മാറ നിയോജകമണ്ഡലത്തിലെ ബലക്ഷയമുള്ള പാലങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പാലങ്ങൾക്കാണ് ബലക്ഷയം ഉള്ളത് എന്ന് വിശദമാക്കുമോ; | (എ) നെന്മാറ നിയോജകമണ്ഡലത്തിലെ ബലക്ഷയമുള്ള പാലങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട് നെന്മാറ നിയോജക മണ്ഡലത്തിലെ ഊട്ടറ പാലം, ഗായത്രി പാലം (കണ്ണന്നൂർക്കടവ് പാലം) എന്നീ പാലങ്ങൾക്കാണ് ബലക്ഷയ- മുള്ളതായി കണ്ടെത്തിയിട്ടുള്ളത്. |
| (ബി) ഈ പാലങ്ങൾ പുതുക്കി പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഊട്ടറ പാലം റെയിൽവെ മേൽപ്പാല-വുമായി സംയോജിപ്പിച്ച് പണിയുന്നതിന് RBDCK-നിർമ്മാണ ഏജൻസിയായി തീരുമാനിച്ചിട്ടുണ്ട്. ഗായത്രി പാലം (കണ്ണന്നൂർക്കടവ് പാലം) പുതുക്കിപ്പണി-യുന്നതിന് ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) ബലക്ഷയം സംഭവിച്ച പാലങ്ങളുടെ പുനർനിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; നിലവിൽ ഏതെല്ലാം പാലങ്ങളാണ് പുതുക്കിപണി-യുന്നത് എന്ന് വിശദമാക്കുമോ? | (സി) ബലക്ഷയം സംഭവിച്ച പാലങ്ങളുടെ പുനർനിർമ്മാണ പ്രവൃത്തികൾ അടിയന്ത-രമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. നെന്മാറ നിയോജക മണ്ഡലത്തിൽ പുതുക്കി പണിയുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പാലങ്ങൾ ഊട്ടറ പാലം, ഗായത്രിപാലം (കണ്ണന്നൂർക്കടവ് പാലം) എന്നിവയാണ്. |

S. Bindu

സെക്ഷൻ ഓഫീസർ